**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2925** **25-06-2024 - ൽ മറുപടിയ്ക്ക്**

**ഇക്കോ സെൻസിറ്റീവ് സോണുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഇക്കോ സെൻസിറ്റീവ് സോണുകളായി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ നിന്നും വാസയോഗ്യമായ മേഖലയെ ഒഴിവാക്കുന്നതിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ബഹു. സുപ്രീം കോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ IA 1000/2003 നമ്പർ ഹർജിയിലെ 03-06-2022 ലെ വിധിയിൽ എല്ലാ സംരക്ഷിത പ്രദേശങ്ങളുടേയും (ദേശീയോദ്യാനങ്ങളുടേയും വന്യമൃഗ സങ്കേതങ്ങളുടേയും) അടയാളപ്പെടുത്തിയിട്ടുള്ള അതിരിൽ നിന്നും ഏറ്റവും കുറഞ്ഞത് ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ ബാധകമാക്കി ഉത്തരവായിരുന്നു. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയേയും സമീപിക്കണമെന്ന് കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിനു മുമ്പാകെ 25-06-2022 ലെ ഡി2/46/2019 നമ്പർ കത്ത് പ്രകാരം സംസ്ഥാന സർക്കാർ അഭ്യർത്ഥന നടത്തിയിരുന്നു.<br>ബഹു. സുപ്രീം കോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ IA 1000/2003 നമ്പർ ഹർജിയിലെ 03-06-2022 ലെ വിധിയിന്മേൽ സംസ്ഥാന സർക്കാർ സമർപ്പിച്ച പുനഃപരിശോധനാ ഹർജിയിൽ ആവശ്യപ്പെട്ട സമാന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേന്ദ്ര സർക്കാർ നൽകിയ IA 131377/2022 ൽ സംസ്ഥാനവും കക്ഷി ചേരുകയും 26-04-2023 ടി IA യിന്മേൽ ബഹു. സുപ്രീം കോടതി കേന്ദ്രസർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും ആവശ്യങ്ങൾ അംഗീകരിച്ചു ഉത്തരവാകുകയും ചെയ്തിരുന്നു.<br>26-04-2023 ലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം കരട്/അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള ഇക്കോ സെൻസിറ്റീവ് സോണിനും |

| | | | |
|---|---|---|---|
| | | | കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ പരിഗണനയിലിരിക്കുന്ന ഇക്കോ സെൻസിറ്റീവ് സോൺ പ്രപ്പോസലുകൾക്കും 03-06-2022 ലെ വിധി ബാധകമല്ലായെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. മാത്രമല്ല സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിക്കുമ്പോൾ ഏകീകൃതരീതിയിൽ നിശ്ചിത ദൂരത്തിൽ പ്രഖ്യാപിക്കാൻ കഴിയില്ലായെന്നും ഓരോ സംരക്ഷിത പ്രദേശങ്ങൾക്കുമനുസൃതമായ രീതിയിൽ മാത്രമേ ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിക്കാവൂ എന്നും ബഹു. സുപ്രീം കോടതി 26-04-2023 ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.<br>ഇത്തരത്തിൽ ഓരോ സംരക്ഷിത പ്രദേശങ്ങൾക്കുമനുസൃതമായി സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ട് കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പിന് സമർപ്പിച്ചിട്ടുള്ള പ്രപ്പോസലുകൾ അംഗീകരിച്ചു ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ക്വാറി ഖനനത്തിനും വൻകിട നിർമ്മാണങ്ങൾക്കും നിയന്ത്രണങ്ങൾ തുടരുമെന്ന് സുപ്രീം കോടതി വിധിയിൽ വ്യക്തമാക്കിയിട്ടുണ്ടോയെന്നറിയിക്കാമോ? | (ബി) | ബഹു. സുപ്രീം കോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ IA 131377/22 നമ്പർ ഹർജിയിലെ 26-04-2023 ലെ വിധി പ്രകാരവും IA 3949/2016 നമ്പർ ഹർജിയിലെ 28-04-2023 ലെ വിധി പ്രകാരവും, സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഒരു കിലോമീറ്റർ മേഖലയിലും ഇക്കോ സെൻസിറ്റീവ് സോണിലും ഖനന പ്രവർത്തനങ്ങളും വൻകിട നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നതിന് അനുമതിയില്ല. ഇക്കോ സെൻസിറ്റീവ് സോണിലോ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള മറ്റു പ്രദേശങ്ങളിലോ എൻവിയോൺമെന്റ്/ഫോറസ്റ്റ് ക്ലിയറൻസുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾക്കായുള്ള അനുമതി നൽകുമ്പോൾ കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ 17-05-2022 ലെ F.No. 11/119/2020-FC ഓഫീസ് മെമ്മോറാണ്ടത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന് ബഹു. സുപ്രീം കോടതി വിധിയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇക്കോ സെൻസിറ്റീവ് സോൺ നോട്ടിഫിക്കേഷൻ ആയിട്ടില്ലാത്ത സ്ഥലങ്ങളിലോ ഇക്കോ സെൻസിറ്റീവ് സോൺ നോട്ടിഫിക്കേഷൻ ഡ്രാഫ്റ്റ് സ്റ്റേജിൽ ആയിട്ടുള്ള സ്ഥലങ്ങളിലോ ഖനനത്തിനും വൻകിട നിർമ്മാണങ്ങൾക്കുമായി അപേക്ഷിക്കുന്ന സ്ഥലം ദേശീയോദ്യാനങ്ങളുടേയോ വന്യജീവി സങ്കേതങ്ങളുടേയോ 10 കിലോമീറ്റർ ചുറ്റളവിനുള്ളിലാണെങ്കിൽ നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫ് (NBWL) / സ്റ്റാന്റിംഗ് കമ്മിറ്റി ഓഫ് |

| | | | |
|---|---|---|---|
| | | | നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫ് (SCNBWL) ന്റെ അനുമതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ